03-06-2023 ന് രാവിലെ പയ്യന്നൂർ താലൂക്ക് ഓഫീസിലെ പി എ യു യൂണിറ്റിൽ വെച്ച് ചേർന്ന ഉപജില്ലാ സമിതി 1ന്റെ യോഗത്തിൽ പങ്കെടു-ത്തവരും യോഗ തീരുമാനങ്ങളും.

1. അനിൽ കെ എൻ ഐ വി ഒ/എ ഡി, എൽ എസ് ജി ഡി
2. ബിജു പി വി എ എക്സ് ഇ, പയ്യന്നൂർ ബ്ലോക്ക്
3. നിഥിൻകുമാർ എസ് ഡ ടൌൺ പ്ലാനർ, എൽഎസ്ജിഡി, പ്ലാനിംഗ്

ഉപജില്ലാ സമിതി യോഗം 10 മണിക്ക് ആരംഭിച്ചു.കഴിഞ്ഞ യോഗത്തിൽ ഇടക്കാലതീരുമാനമെടുത്ത് നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾ ലഭ്യമാക്കിയ റിപ്പോർട്ടും പുതുതായി ഉപജില്ലാ സമിതി മുമ്പാകെ പരിഗണനക്കായി വന്ന അപേക്ഷകളും ഉപസമിതി പരിശോധിച്ച് താഴെ പറയുന്ന തീരുമാനങ്ങളെടുത്തു. മേൽ തീരുമാനങ്ങൾ തുടർ നടപടികൾക്കായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനും തീരുമാനിച്ചു.

എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത്

1.ഡോക്കറ്റ് നമ്പർ TLKNR1110500000 ആയുള്ള പരാതിയിൽ 22-05-2023 ന് ഉപജില്ലാ സമിതി നല്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ ടി ബാലകൃഷ്ണൻ എന്നയാൾക്ക് ലൈസൻസ് അനുവദിച്ചതായി എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23-05-2023ലെ SC-01/2023 നമ്പർ കത്ത് പരിശോധിച്ച ഉപസമിതി ലൈസൻസ് സംബന്ധിച്ച് ശ്രീ ടി ബാലകൃ-ഷ്ണന്റെ അപേക്ഷ പരിഹരിച്ചതായി തീർപ്പാക്കി.

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

1 .ഉപജില്ലാ സമിതിയുടെ 20-05-2023ലെ സിറ്റിംഗിലെ നിർദ്ദേശ പ്രകാരം ശ്രീ എം പി പ്രശാന്തിന് ലൈസൻസ് അനുവദിച്ചതായി കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31-05-2023ലെ 4132(1)/2023 നമ്പർ കത്ത് ഉപജില്ലാ സമിതി പരിശോധിച്ചു. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ എം പി പ്രശാന്തിന്റെ ലൈസൻസുമായി ബന്ധപ്പെട്ട് അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

2 .കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ വിവാഹ രജിസ്ട്രേഷനിൽ തിരുത്തൽ

*Created By: Sign Doc*

വരുത്തുന്നതിനായി ശ്രീ ജയപ്രകാശ് വടവതി നൽകിയ അപേക്ഷ തിരുത്തൽ അനുമതിക്കായി ജനന-മരണ ചീഫ് രജിസ്ട്രാർക്ക് അയച്ചി-ട്ടുണ്ടെന്നും അനുമതി ലഭിച്ചാലുടൻ വിവാഹ രജിസ്റ്ററി. ആവശ്യമായ തിരുത്തലുകൾ വരുത്തുമെന്നും ഉള്ള സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ ജയപ്രകാശിന്റെ അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

.നാറാത്ത് ഗ്രാമപഞ്ചായത്ത്

1.നാറാത്ത് ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് പുതുക്കു-തിനായി ശ്രീ മേമി നൽകിയ അപേക്ഷ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് നിലവിൽ അപേക്ഷ സമർപ്പിച്ചതിൻ പ്രകാരം അനുവദിക്കാനാവില്ലെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എ ഇ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ മേമിയുടെ അപേക്ഷ നിരസിച്ചതായും സെക്രട്ടറി അറിയി-ച്ചത് കണക്കിലെടുത്ത് ശ്രീ മേമിയുടെ അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു

മാട്ടൂൽ ഗ്രാമപഞ്ചായത്ത്

1. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ മൻശ ഉത്തസ്കിയത്തിൽ സുന്നയ്യതത്തിൽ ഇസ്ലാമിക് പ്രസിഡന്റിന്റെ BPKNR11100000001 ഡോക്കറ്റ് നമ്പറായുള്ള പരാതി ബഹു.കേരള മുഖ്യമന്ത്രിയുടെ കരുതലും കൈത്താങ്ങും അദാലത്ത് മുമ്പാകെ വന്നിരിക്കുന്നതും ബഹു ജില്ലാലകലക്ടറുടെ പരി-ഗണനക്കായി കൈമാറിയതുമായതിനാൽ അപേക്ഷ ജില്ലാതല സമിതി പരിഗണിക്കുന്നതിനായി വിടുന്നതിന് തീരുമാനിച്ചു.

ചെറുതാഴം ഗ്രാമപഞ്ചായത്ത്

2. ഡോക്കറ്റ് നമ്പർ CRKNR11096000001 ആയുള്ള, ചെറുതാഴം ഗ്രാമപഞ്ചായ ത്തിൽ 22-09-2022ന് രാജേഷ് കെ വി, സുമ പി എന്നിവർ പൊതു വിവാഹചട്ടങ്ങൾ പ്രകാരം അപേക്ഷ ഐ എൽ ജി എം എസ് പരി-ശോധിച്ചതിൽ 27-10-2022ന് ബന്ധം തെളിയിക്കുന്നതിന് നിർദ്ദേശം നൽകി-യതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച് ഒരു നിർദ്ദേശവും അപേക്ഷകർക്ക് നൽകിയതായി കാണുന്നില്ല. പൊതുവിവാഹചട്ടങ്ങളിൽ

*Created By: Sign Doc*

വിധവകൾ പുനർവിവാഹം ചെയ്യുമ്പോൾ ബന്ധം തെളിയിക്കുന്നതിന് രേഖകൾ ഹാജരാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നില്ല. അപേക്ഷ ഉപജില്ലാ സമിതിയുടെ പരിഗണക്ക് വരുന്നത് വരെ തീർപ്പാക്കിയില്ല. മേൽ കാര്യ-ങ്ങൾ പരിഗണിച്ച് രാജേഷ് കെ വി, സുമ പി എന്നിവരുടെ വിവാഹം പൊതുവിവാഹ രജിസ്ട്രേഷൻ പ്രാകാരം 12-06-2023നകം രജിസ്റ്റർ ചെയ്ത് നൽകുന്നതിന് ചെറുതാഴം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

3. കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ ശ്രീമതി ദിവ്യശ്രീ ശ്രീജിത്ത് എന്നവർ ലൈസൻസിനായി നൽകിയ അപേക്ഷ TLKNR 11110000280 ഡോക്കറ്റ് നമ്പറായി ഉപജില്ലാ സമിതി പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈസൻസ് ലൽകുന്നതിൽ കാലതാമസം വന്നതായി കണ്ടെത്തി. ആയത് പരിഗണിച്ച് ഉപജില്ലാ സമിതി ശ്രീമതി ദിവ്യശ്രീ ശ്രീജിത്തിന് 12-06-2023നകം അപേക്ഷ പരിഗണിച്ച് ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് കല്ല്യാശ്ശേരി ഗ്രാമപഢേചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

4 രാമന്തളി ഗ്രാമപഞ്ചായത്തിലെ ശ്രീ കായംകുളവൻ ഫിറോസ് 07-02-2023ന് നൽകിയ പെർമിറ്റ് അപേക്ഷ BPKNR1110100001 ഡോക്കറ്റ് നമ്പറായി സമിതി പരിശോധിച്ചതിൽ ശ്രീ കായംകുളവൻ ഫിറോസ് സമർപ്പിച്ച അപേക്ഷയിൽ യാതൊരു നടപടികളും സ്വീകരിച്ചില്ല് എന്ന് വ്യക്തമായി. മേൽക്കാര്യം ഗൌരവമായി വീക്ഷിച്ച ഉപജില്ലാ സമിതി ശ്രീ കായംകുളവൻ ഫിറോസിന്റെ പെർമിറ്റ് അപേക്ഷ അടിയന്തിരമായി പരിശോധിച്ച് പെർമിറ്റ് 12-06-2023 നകം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ രാമന്തളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

5.. ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ശ്രീ സുരേഷ് കടയക്കര എന്നവരുടെ പെർമിറ്റ് പുതുക്കലിനായി പഞ്ചായത്തിൽ നൽകിയ അപേക്ഷ BPKNR 11107000001 ഡോക്കറ്റ് നമ്പറായി ഉപജില്ലാ സമിതി പരിശോധിച്ചതിൽ അപേക്ഷ പരിശോധന നടപടികൾ പൂർത്തീകരിച്ചില്ല എന്ന് ഐ എൽ ജി എം എസ് പരിശോധിച്ചതിൽ കണ്ടെത്തി. ശ്രീ കടയക്കര സുരേഷ്

*Created By: Sign Doc*

നൽകിയ പെർമിറ്റ് പുതുക്കാനായുള്ള അപേക്ഷ നടപടക്രമങ്ങൾ 12-06-2023 നകം പൂർത്തീകരിച്ച് തീർപ്പാക്കുന്നതിന് ചെറുപുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

6.. രാമന്തളി ഗ്രാമപഞ്ചായത്തിലെ ശ്രീ കുഞ്ഞിക്കണ്ണൻ കുണ്ടോറ 27-02-2023ന് നൽകിയ കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ BPKNR11101000281 ഡോക്കറ്റ് നമ്പറായി സമിതി പരിശോധിച്ചതിൽ ശ്രീ കുഞ്ഞിക്കണ്ണൻ കുണ്ടോറ സമർപ്പിച്ച അപേക്ഷയിൽ യാതൊരു നടപടികളും സ്വീകരിച്ചില്ല എന്ന് വ്യക്തമായി. മേൽക്കാര്യം ഗൌരവമായി വീക്ഷിച്ച ഉപജില്ലാ സമിതി ശ്രീ കുഞ്ഞിക്കണ്ണൻകുണ്ടോറയുടെ പെർമിറ്റ് അപേക്ഷ അടിയന്തിരമായി പരിശോധിച്ച് പെർമിറ്റ് നൽകുന്നതിനാവശ്യമായ നടപടികൾ 12-06-2023 നകം സ്വീകരിക്കാൻ രാമന്തളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

7. ചെറുതാഴം ഗ്രാമപഞ്ചായത്തിലെ ശ്രീ ജോസഫ് എം കെ എന്നയാളുടെ BPKNR11096000290 ഡോക്കറ്റ് നമ്പറായുള്ള അപേക്ഷ പരിഗണിച്ച ഉപജില്ലാ സമിതി ഐ എൽ ജി എം എസിൽ നടത്തിയ ഫയൽ പരിശോധനയിൽ ശ്രീ ജോസഫ് എം കെ 27-02-2023ന് സമർപ്പിച്ച കെട്ടിടനമ്പറിനുള്ള അപേക്ഷയിൽ സേവനം ലഭ്യമാക്കുന്നതിൽ താമസം വന്നതായി കണ്ടു. ഈ കാര്യം ഗൌരവമായി വീക്ഷിച്ച ഉപജില്ലാ സമിതി ശ്രീ ജോസഫ് എം കെ യുടെ കെട്ടിടനമ്പറിനായുള്ള അപേക്ഷ 12-06-2032നകം പരിശോധിച്ച് രണ്ടാം നിലക്ക് നമ്പർ അനുവദിക്കുന്ന-നാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചെറുതാഴം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

.

കൺവീനർ &

ഇന്റേണൽ വിജിലൻസ് ഓഫീസർ

സിറ്റിസൺ അസിസ്റ്റൻസ് അദാലത്ത്

ഉപജില്ലാ സമിതി 1 കണ്ണൂർ

*Created By: Sign Doc*